<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2082</u> <u>12-02-2024 - ൽ മറുപടിയ്ക്ക്</u>

<u>കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി വകുപ്പിലെ ജോലി ഭാരം സംബന്ധിച്ചും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചും ഉദ്യോഗസ്ഥ ഭരണ വകുപ്പിന്റെ വർക്ക് സ്റ്റഡി റിപ്പോർട്ട് സർക്കാരിന് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വർക്ക് സ്റ്റഡി സിറ്റിംഗുകൾ കഴിഞ്ഞിട്ടും റിപ്പോർട്ട് സമർപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; റിപ്പോർട്ട് എന്നത്തേക്ക് ലഭ്യമാവും എന്നറിയിക്കാമോ; | (എ) | **കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിലെ പ്രവൃത്തിപഠനവുമായി ബന്ധപ്പെട്ടുള്ള ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ വിവരശേഖരണം പുരോഗമിക്കുകയാണ്. മൂന്ന് മാസം കൊണ്ട് പ്രവൃത്തിപഠനം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.** |
| (ബി) | കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി വകുപ്പിലെ രാസ പരിശോധന ലാബുകളിൽ ജോലി ഭാരം കുറയ്ക്കുന്നതിനായി പുതിയ തസ്തികകൾ അനുവദിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് വകുപ്പിൽനിന്ന് സർക്കാരിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത് എന്നറിയിക്കുമോ; | (ബി) | ലഭിച്ചിട്ടുണ്ട്. **ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തി വരുന്ന പ്രവൃത്തിപഠന റിപ്പോർട്ടും സർക്കാരിന്റെ പൊതുപരിപാടി എന്ന നിലയിൽ വൈജ്ഞാനിക ഭരണ നിർവ്വഹണം വഴി തസ്തികകളുടെ പുനഃക്രമീകരണം അടിസ്ഥാനമാക്കി ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതാണ്.**<br>**അടിയന്തര പ്രാധാന്യമുള്ള കേസുകളിലും, കോടതി, പോലീസ്, എക്സൈസ്, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന അറിയിപ്പുകൾ, NDPS ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകൾ എന്നിവ സമയബന്ധിതമായി രാസപരിശോധന പൂർത്തിയാക്കി റിപ്പോർട്ട് നൽകുന്നുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റുമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് സാമ്പിളുകളുടെ പരിശോധന വേഗത്തിലാക്കുന്നതിനും, കേസുകളുടെ എണ്ണം കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്.** |
| (സി) | കെമിക്കൽ എക്സാമിനേഷൻ വകുപ്പിലെ രാസ പരിശോധന ലാബുകളിൽ 2023 ഡിസംബർ മാസത്തിലെ കണക്ക് അനുസരിച്ച് എത്ര കേസുകളിലായി എത്ര സാമ്പിൾ പരിശോധനക്കായി കെട്ടികിടക്കുന്നുണ്ടെന്ന് അറിയിക്കുമോ; രാസ പരിശോധനയ്ക്കുള്ള സാമ്പിളുകൾ കെട്ടികിടക്കുന്നത് മൂലം വിവിധ ലഹരിവസ്തുക്കളുടെ കേസുകളിൽ | (സി) | (ബി) യിൽ ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | കുറ്റവാളികൾക്ക് ജാമ്യം ലഭിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; പരിശോധിക്കേണ്ട സാംപിളിന്റെ എണ്ണം അനുസരിച്ച് സയന്റിഫിക് ഓഫീസർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി പരിഗണനയിലുണ്ടോ; | | |
| (ഡി) | കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി വകുപ്പിൽ നിന്നും രാസപരിശോധനാഫലം വൈകുന്നത് സംബന്ധിച്ചുള്ള കോടതി പരാമർശങ്ങളും പത്രവാർത്തകളും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | (ബി) യിൽ ചേർത്തിട്ടുണ്ട്. |
| (ഇ) | കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി വകുപ്പിലെ രാസപരിശോധന ലാബുകളിൽ കഴിഞ്ഞ പത്ത് വർഷത്തിൽ ഓരോ വർഷവും പരിശോധനക്ക് ലഭിച്ച സാമ്പിളിന്റെ എണ്ണം, മുൻ വർഷത്തെ അപേക്ഷിച്ച് സാമ്പിളിൽ വന്ന വർദ്ധനവിന്റെ ശതമാനം, ഓരോ വർഷവും പരിശോധന പൂർത്തിയായതിന്റെ എണ്ണം, പെൻഡിംഗ് സാമ്പിളിന്റെ എണ്ണം, അതത് വർഷങ്ങളിൽ പരിശോധനക്കായി ഉണ്ടായിരുന്ന സയന്റിഫിക് ഓഫീസർമാരുടെ എണ്ണം എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ? | (ഇ) | കഴിഞ്ഞ പത്തു വർഷത്തിലെ രാസപരിശോധന സംബന്ധിച്ചുള്ള വിവരം അടിസ്ഥാനപ്പെടുത്തിയുള്ള കണക്കുകൾ വിലയിരുത്തുമ്പോൾ പരിശോധനാ സാമ്പിളുകളിൽ സ്വാഭാവികമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇക്കാര്യം കൂടി കണക്കിലെടുത്താണ് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ പ്രവൃത്തിപഠനത്തിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. മറ്റു വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ